എഡിറ്റോറിയൽ

**മെയ് 2013**

എഡിറ്റർ
ജോർജ്ജ്
കാടൻകാവിൽ



# കഴുത ഒരു മോശം ജീവിയല്ല !...

**ഫോ**ണിന്റെ അങ്ങേ തലയ്ക്കൽ നല്ല കനമുള്ള, ഇരുത്തം വന്ന ഒരു പുരുഷ ശബ്ദം ചോദ്യരൂപേണ എന്നെ വിളിക്കുകയാണ് - മിസ്റ്റർ കാടൻകാവിൽ?

- അതേ അത് ഞാനാണ്, പറയൂ സർ -ഭാര്യയുടെ ശമ്പളത്തെക്കുറിച്ച് നിങ്ങളെഴുതിയത് വായിച്ചു, എനിക്ക് നിങ്ങളോടൊരു ചോദ്യമുണ്ട്. ചോദിച്ചോട്ടെ?

ധൈര്യമായി ചോദിച്ചോളൂ സാർ, ഉത്തരം അറിയില്ലെങ്കിൽ പോലും, എന്റെ കാഴ്ചപ്പാട് ഞാൻ ഷെയർ ചെയ്യാം.

താങ്ക്യൂ ജോർജ്ജ്, എനിക്കറിയേണ്ടതിതാണ്, കുടുംബ ജീവിതത്തിൽ നമ്മൾ കഴുതയാകണോ? കുതിരയാകണോ?

ഇക്കാര്യത്തിൽ എനിക്കൊരു സംശയവും ഇല്ല, കുടുംബത്തിൽ ചില ക്ളേശങ്ങൾ തരണം ചെയ്യാൻ നമ്മൾ കഴുതയെ പോലെയാകണം. പ്രതികൂല സാഹചര്യങ്ങളോട് യുദ്ധം ചെയ്യേണ്ടി വരുമ്പോൾ കുതിരയെപ്പോലെയും.രണ്ടു പേരും കഴുതകളായാലോ?

അച്ചായാ, കഴുതയാകുന്നതും, കഴുതയെപ്പോലെ ആകുന്നതും തമ്മിൽ വ്യത്യാസമില്ലേ? രണ്ടു പേരും കഴുതയെപ്പോലെ അദ്ധ്വാനിക്കുമെങ്കിൽ അതാണ് അത്യുത്തമം. മനുഷ്യൻ മൃഗമാകുന്നതാണ് അധഃപതനം. മറ്റ് ജന്തുക്കളുടെ ഉപകാരപ്രദമായ രീതികൾ ശ്രദ്ധിച്ച് അതിൽ നമുക്ക് അനുയോജ്യമായ ശൈലികൾ വശംവരുത്തി, ആ ജന്തുക്കളെപ്പോലെ അദ്ധ്വാനിച്ച് ഓരോരോ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനാണ് മനുഷ്യന് വിശേഷ ബുദ്ധി എന്നൊരു സംഗതി സൃഷ്ടാവ് തന്നിരിക്കുന്നത്.

കഴുത ഒരു മോശം ജീവിയൊന്നുമല്ല. യേശു രാജകീയമായി പട്ടണപ്രവേശനം നടത്തിയത് ഒരു കഴുതയുടെ പുറത്തായിരുന്നു. തന്റെ ഭാരം വഹിക്കുവാൻ ദൈവ പുത്രൻ കഴുതയെ തിരഞ്ഞെടുത്തത് എന്തിനായിരിക്കണം എന്നൊന്നു ചിന്തിച്ചേ. പരാതി കൂടാതെ ഭാരം വഹിക്കുന്ന ജീവികൾക്കാണ് ദൈവത്തെ വഹിക്കുവാൻ അവസരം ലഭിക്കുക എന്ന് ചിന്തിക്കുന്നവർക്ക് എത്ര കഴുതയാകാനും മടി തോന്നില്ല.

നേരും നെറിയുമുള്ള ഒരു ഉപജീവന മാർഗ്ഗം കണ്ടെത്താനും, അതങ്ങിനെ തന്നെ നില നിർത്താനും കുതിരയുടെ ചുറുചുറുക്കോടെ ഓടിപ്പാഞ്ഞ് നടന്ന് വേണമെങ്കിൽ ഒരശ്വമേധം തന്നെ നടത്താം. കുടുംബത്തിന്റെ സ്വത്തും ജീവനും അഭിമാനവും സംരക്ഷിക്കാൻ ചിലപ്പോൾ പടക്കുതിരയെപ്പോലെ ആകേണ്ടി വന്നാൽ അതിനും മടിക്കേണ്ട.

സന്ദർഭോചിതമായി പ്രവർത്തിച്ച് ക്ലേശ ങ്ങളോട് മല്ലടിച്ച് തൃപ്തിയും സന്തോഷവും കണ്ടെത്തേണ്ടവർ, പരസ്പരം കുറ്റപ്പെടുത്തിയും, ആക്ഷേപിച്ചും സ്വയം കഴുതകളാകാൻ ഇടയാകുന്നത്, നമ്മുടെ മത്സരബുദ്ധി, നിയന്ത്ര ണമില്ലാത്ത നാക്ക്, വകതിരിവില്ലാത്ത വാക്ക് പെരുമാറ്റം ഇവ മൂലമാണ്.

ജീവിത ക്ലേശങ്ങളോട് പൊരുതി അത് മറികടക്കുന്നവർക്കേ ജീവിതത്തിൽ തൃപ്തിയും സന്തോഷവും കണ്ടെത്താൻ സാധിക്കുകയുള്ളൂ. ഈ ബോദ്ധ്യമുള്ള ഏതൊരു ഭാര്യയ്ക്കും ഭർത്താവിനും സ്വന്തം കുടുംബത്തിനു വേണ്ടി ഏതു ക്ലേശങ്ങളും ഒരു കഴുതയെപ്പോലെ വഹിക്കാൻ അനായാസം സാധിക്കും.

പക്ഷേ നിർഭാഗ്യവശാൽ ലാളിച്ച് വഷളാക്കപ്പെട്ട കുട്ടികളാണ് ഇന്ന് നമ്മൾ. നമ്മുടെ ക്ലേശങ്ങളെല്ലാം പരിഹരിച്ച് തരേണ്ടത് മറ്റാരുടെയോ കടമയാണെന്നാണ് നാമെല്ലാം ധരിച്ചു വെച്ചിരിക്കുന്നത്. നമ്മുടെ ഏതു ക്ലേശത്തിനും ആരെയെങ്കിലും കുറ്റപ്പെടുത്തി ശീലിച്ചിരിക്കുന്നവരാണ് നമ്മൾ.

www.BethlehemMatrimonial.com

പത്ര മാധ്യമങ്ങളിലെല്ലാം എപ്പോഴും ആരെങ്കിലും ആരെയെങ്കിലും കുറ്റപ്പെടുത്തുന്ന വാർത്തകളാണ് നാം സ്ഥിരം കണ്ടുകൊണ്ടിരിക്കുന്നത്. സർക്കാരിനെ കുറ്റപ്പെടുത്തുന്നു, അല്ലെങ്കിൽ ജനപ്രതിനിധികളെ കുറ്റപ്പെടുത്തുന്നു, സ്ഥാപനങ്ങളെ, മേലധികാരികളെ, മതങ്ങളെ, നേതാക്കളെ എല്ലാം തരത്തിനു തരം പോലെ കുറ്റപ്പെടുത്തി സ്വന്തം കുറവുകൾ ഒളിപ്പിക്കാൻ ശ്രമിക്കുന്നത് ഈ കാലഘട്ടത്തിന്റെ ശാപമായി മാറിയിരിക്കുന്നു.

മുട്ടയാണോ കോഴിയാണോ ആദ്യം വന്നത് എന്ന ചോദ്യം പോലെ ഈ കുറ്റപ്പെടുത്തൽ ശൈലി കുടുംബത്തിലാണോ, സമൂഹത്തിലാണോ ആദ്യം തുടങ്ങിയതെന്ന് ഒന്നു ചിന്തിച്ചു നോക്കണം.

ഈ ദൂഷിത വലയം കുടുംബത്തിൽ ആരംഭിച്ചു എന്നാണ് ഞാൻ കരുതുന്നത്. മക്കൾ മാതാ പിതാക്കളെ കുറ്റപ്പെടുത്തും, അവർ മക്കളെ കുറ്റപ്പെടുത്തും, അമ്മായി അപ്പനെ, അമ്മായി അമ്മയെ, സഹോദരങ്ങളെ, അയൽക്കാരെ, കുറഞ്ഞപക്ഷം സ്വന്തം പങ്കാളിയോടെങ്കിലും നിങ്ങളെന്നെ കഴുതയാക്കുകയാണ് എന്ന് കുറ്റപ്പെടുത്തി ക്ലേശങ്ങളിൽ നിന്നും ഒളിച്ചോടാനാണ് നമ്മൾ ശ്രമിക്കുന്നത്. കുഞ്ഞുങ്ങളെപ്പോലും നമ്മൾ അതാണ് അറിയാതെ ശീലിപ്പിച്ചു കൊണ്ടിരിക്കുന്നത്.

പിച്ചവെച്ചു നടക്കുന്ന കുഞ്ഞ് നിലത്ത് ഒന്നു വീണാൽ ഉടനെ അമ്മ ആ നിലത്ത് ഒരടി വെച്ചു കൊടുക്കും. 'ങ്ഹാ കുട്ടീനെ വീഴിച്ചോ' എന്നും ചോദിക്കും. അതോടെ കുട്ടി കരച്ചിൽ നിർത്തിയേക്കും. പക്ഷേ കുഞ്ഞിന് ഒരു കാര്യം മനസ്സിൽ ആഴത്തിൽ പതിയും, ഞാൻ വീണത് എന്റെ കുഴപ്പം കൊണ്ടല്ല, ഈ തറയുടെ കുഴപ്പം കൊണ്ടാണ്. എനിക്കൊരു വീഴ്ച പറ്റിയാൽ, ഞാൻ ആർക്കിട്ടെങ്കിലും ഒരടി വെച്ചു കൊടുക്കുകയും വേണം.

ചെറുപ്പം മുതലേ ശീലിച്ചിരിക്കുന്നതിനാൽ, പരാതി പറയാൻ എല്ലാവർക്കും വളരെ എളുപ്പമാണ്. പക്ഷേ കഴമ്പില്ലാത്തതും, ന്യായമല്ലത്തതുമായ കുറ്റപ്പെടുത്തലുകൾ കേൾക്കാനിടയാകുന്നവർ സ്വാഭാവികമായും പ്രതികരിച്ചു പോകും. പിന്നെ ആരോപണ പ്രത്യാരോപണങ്ങൾ, ഇക്കാര്യത്തിൽ കൂടുതൽ വൈദഗ്ദ്യം കാണിക്കുന്ന ആൾ കുതിര ആണെന്നും, ആരോപണ യുദ്ധത്തിൽ മിടുക്ക് കാണിക്കാൻ കഴിയാതെ പോയ ആൾ കഴുതയാണെന്നും ഒക്കെ ചിന്തിക്കാൻ തുടങ്ങും. പിന്നെ  മറ്റെ ആളെ ഒഴിവാക്കാനായിരിക്കും അടുത്ത ശ്രമം.

രണ്ടു പേരും കഴുതകളാണെങ്കിലോ എന്നു താങ്കൾ ചോദിച്ചില്ലേ? അത് നിങ്ങൾ പരസ്പരം സ്നേഹമുള്ളവരായതു കൊണ്ടാണ്. കുറ്റപ്പെടുത്തലുകളുടെ ദൂഷിത വലയത്തിൽ അറിയാതെ വീണു പോയവരായിരിക്കാം നിങ്ങൾ. എങ്ങിനെയെങ്കിലും ഇതിൽ നിന്ന് കരകയറണം എന്ന് അച്ചായന്റെ ഉള്ളിൽ ആഗ്രഹമുള്ളതു കൊണ്ടാണ് എന്നെ വിളിച്ച് ഇങ്ങിനെ ചോദിക്കാൻ തോന്നിയത്.

ഒരു പയ്യൻ മാതാപിതാക്കളുടെ ഫോൺ പരസ്പരം മാറ്റി വെയ്ക്കുന്ന ഒരു പരസ്യം താങ്കൾ കണ്ടിരിക്കുമല്ലോ. മറ്റേ ആളിന്റെ അവസ്ഥയും പരിമിതികളും മനസ്സിലാക്കാൻ "What an Idea"

അച്ചായൻ ഇനി ഒറ്റ കാര്യമെ ചെയ്യേണ്ടതുള്ളു, മറ്റെ കക്ഷിയുടെ ഭാഗത്തു നിന്നുകൊണ്ട് അവരുടെ അവസ്ഥയും പരിമിതികളും മനസ്സിലാക്കുക. അവരുടെ നല്ല വശങ്ങൾ ഓരോന്നും പ്രത്യേകം ശ്രദ്ധിക്കുക. അതിനെ ആത്മാർത്ഥമായി അഭിനന്ദിക്കുക. ചെയ്തു കിട്ടുന്ന ഏറ്റവും ചെറിയ പ്രവർത്തിക്കു പോലും നന്ദി പ്രകടിപ്പിക്കുക.

You learn her strength and weakness.
Now Catch her doing GOOD and appreciate from your HEART.

More Articels: http://www.bethlehemmatrimonial.com/editorial.html